
# തെളിച്ചം



## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

### ജി.എൽ.പി.എസ്. തൊണ്ടിമ്മൽ–മുക്കം

# ഉള്ളടക്കം


| നമ്പർ | താളുകളിൽ | പേജ് |
|---|---|---|
| 1 | കാഴ്ചപ്പാട് | 1 |
| 2 | വിദ്യാലയ മുദ്ര | 2 |
| 3 | വിദ്യാലയം ഒറ്റ നോട്ടത്തിൽ | 3 |
| 4 | ആമുഖം | 4 |
| 5 | വിദ്യാലയ ചരിത്രം | 5 |
| 6 | വിദ്യാലയത്തിന്റെ കരുത്ത്, പരിമിതി | 7 |
| 7 | സ്റ്റാഫ് | 8 |
| 8 | ചുമതലാ വിഭജനം | 10 |
| 9 | പിന്തുണ സംവിധാനം | 12 |
| 10 | പൊതു ലക്ഷ്യങ്ങൾ | 13 |
| 11 | അക്കാദമിക പദ്ധതികൾ | 17 |
| 12 | മലയാളം | 18 |
| 13 | ഗണിതം | 23 |
| 14 | ഇംഗ്ലീഷ് | 28 |
| 15 | ശാസ്ത്രം | 33 |
| 16 | പരിസ്ഥിതി പഠനം | 36 |
| 17 | കലാ പഠനം | 37 |
| 18 | പ്രവൃത്തി പരിചയം | 38 |
| 19 | കായികം/ ആരോഗ്യം | 39 |
| 20 | ടാലെന്റ് ലാബ് | 40 |
| 21 | സ്റ്റുഡൻസ് സ്റ്റാറ്റിസ്റ്റിക്സ് | 41 |
| 22 | ഉപസംഹാരം | 42 |

# കാഴ്ചപ്പാട്

## മണ്ണിലുറച്ച് മാനത്തേക്ക്;
## മാതൃ ഭാഷയിലൂന്നി
## ലോക ഭാഷയിലേക്ക്

ജി.എൽ.പി. സ്കൂൾ. തൊണ്ടിമ്മൽ. മുക്കം

മണ്ണിലുറച്ച് മാനത്തേക്ക്

GLP SCHOOL THONDIMMAL
MUKKAM PO
Estd 1957

# ജി എൽ പി എസ് തൊണ്ടിമ്മൽ

| | |
|---|---|
| പോസ്റ്റ് | മുക്കം |
| ഉപജില്ല | മുക്കം |
| ബി ആർ സി | കുന്ദമംഗലം |
| സി ആർ സി | തൊണ്ടിമ്മൽ |
| വില്ലേജ് | തിരുവമ്പാടി |
| പഞ്ചായത്ത് | തിരുവമ്പാടി |
| വാർഡ് | 11 |
| ബ്ലോക്ക് | കൊടുവള്ളി |
| ജില്ല | കോഴിക്കോട് |
| ഫോൺ | 0495 229 7655 |

## ആമുഖം

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ തെക്കു പടിഞ്ഞാറ് ഇരുവഞ്ഞിപ്പുഴയുടെ തീരത്താണ് ജി.എൽ.പി.എസ്. തൊണ്ടിമ്മൽ സ്ഥിതി ചെയ്യുന്നത്. തിരുവമ്പാടി പഞ്ചായത്തിലെ രണ്ടേ രണ്ട് സർക്കാർ വിദ്യാലയങ്ങളിൽ ഒന്നായ തൊണ്ടിമ്മൽ സ്കൂൾ മുക്കം ഉപജില്ലയിലാണ്.

ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലായി 56 വിദ്യാർത്ഥികൾ ഇപ്പോൾ വിദ്യാലയത്തിൽ പഠിക്കുന്നു. നാല് അധ്യാപകരും ഒരു പി.ടി.സി.എം ഉം ഒരു പാചകക്കാരയും വിദ്യാലയത്തിൽ പ്രവർത്തിച്ചു വരുന്നു.

വിദ്യാർത്ഥികൾ എണ്ണത്തിൽ കുറവെങ്കിലും ഉപജില്ലയിലെ മികച്ച സ്കൂളുകളിൽ ഒന്നാണ് ജി.എൽ.പി.എസ് തൊണ്ടിമ്മൽ. എൽ.എസ്.എസ് സ്കോളർഷിപ്പിന് ഉപജില്ലാതലത്തിൽ കഴിഞ്ഞ വർഷം രണ്ടാം സ്ഥാനവും അതിനുമുമ്പ് 3 വർഷങ്ങളിൽ ഒന്നാം സ്ഥാനവും ഈ വിദ്യാലയത്തിന് ആയിരുന്നു. സബ്ജില്ലാതല സാമൂഹ്യശാസ്ത്ര മേളയിൽ സെക്കൻറ് റണ്ണർ അപ്പ് ഈ വിദ്യാലയം നേടി

## ചരിത്രം:

ഈ വിദ്യാലയം സ്ഥിതി ചെയ്യുന്ന തൊണ്ടിമ്മൽ പ്രദേശം 1950കളിൽ ഏതാണ്ട് ഒറ്റപ്പെട്ട നിലയിൽ ആയിരുന്നു. ഒരു വശത്ത് റബ്ബർ എസ്റ്റേറ്റും മറുവശത്ത് ഇരുവഞ്ഞിപ്പുഴയും.

1957 ൽ പുൽപ്പറമ്പിൽ രാമൻകുട്ടി എന്നവരുടെ വീട്ടുവരാന്തയിലായിരുന്നു വിദ്യാലയത്തിന്റെ തുടക്കം. ഏകാധ്യാപക വിദ്യാലയമാണ് ആദ്യം അനുഭവിക്കപ്പെട്ടത്. ശ്രീ വിശ്വംഭരൻ ആയിരുന്നു ആദ്യത്തെ അധ്യാപകൻ. കൊടിയങ്ങൽ ചന്തുക്കുട്ടി ആദ്യ വിദ്യാർത്ഥിയും.

ഒരു വർഷത്തിനു ശേഷം വിശ്വംഭരൻ മാസ്റ്റർ സ്ഥലം മാറിപ്പോവുകയും ശ്രീ മാധവൻ മാസ്റ്റർ ഈ വിദ്യാലയത്തിൽ ഏകാധ്യാപകനായി നിയമിക്കപ്പെടുകയും ചെയ്തു. ഒന്ന്. രണ്ട്, മൂന്ന് ക്ലാസ്സുകൾ അദ്ദേഹം തന്നെയായിരുന്നു കൈകാര്യം ചെയ്തിരുന്നത്.

വിദ്യാലയം വീട്ടുവരാന്തയിൽ ഒതുങ്ങാതെ വന്നപ്പോൾ നാട്ടുകാരുടെ ശ്രമഫലമായി പ്രദേശത്തെ ഭൂവുടമയായ ചെറുപ്ര അറുമുഖൻ എന്നയാൾ 50 സെന്റ് സ്ഥലം സ്കൂൾ നടത്തിപ്പിന് സൗജന്യമായി വിട്ടു കൊടുത്തു. മുളക്കമ്പുകളും ഓലയും ഉപയോഗിച്ച് ഒരു ഷെഡ് നിർമ്മിച്ച് വിദ്യാലയം അതിലേക്ക് മാറ്റി.

പിന്നീട് 1960ൽ ശ്രീ ചെറുപ്ര അറുമുഖന്റെ മരുമകൻ ശ്രീ അരീപ്പുഴ മാനു നാട്ടുകാരുടെ സഹകരണത്തോടെ ഒരു സ്ഥിരം കെട്ടിടം നിർമ്മിച്ചു നൽകി. ഈ കെട്ടിടത്തിന് സർക്കാർ ഇന്നും വാടക നൽകി വരുന്നു. ശ്രീ അരീപ്പുഴ മാനുവിന്റെ മക്കൾ ആണ് ഇപ്പോൾ സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും അവകാശികൾ.

നാട്ടുകാരുടെയും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെയും സഹകരണത്തിൽ 1980ൽ വിദ്യാലയത്തിന് 14 സെന്റ് സ്ഥലം സ്വന്തമാക്കാൻ കഴിഞ്ഞു. 1997ൽ ഈ സ്ഥലത്ത് ഗ്രാമപഞ്ചയത്ത് ഫണ്ടിങ്ങിൽ 2 മുറി ക്ലാസ്സ് റൂമും ജില്ലാ പഞ്ചായത്തിൽ ഫണ്ടിൽ ഓഫീസ് റൂമും കമ്പ്യൂട്ടർ ലാബും എസ്.എസ്.എ ഫണ്ടിൽ മുകളിൽ രണ്ട് ക്ലാസ്സ് മുറികളും സി.ആർ.സി ഹാളും നിർമ്മിക്കുവാൻ സഹായിച്ചു.

ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികൾ ഡോക്ടർമാർ, എഞ്ചിനീയർമാർ, ഐ. പി. എസ് ഉദ്യോഗസ്ഥർ, വക്കീലന്മാർ, രാഷ്ട്രീയ പ്രവർത്തകർ, പട്ടാളക്കാർ, പോലീസുകാർ, അധ്യാപകർ എന്നിങ്ങനെ വിവിധ ഔദ്യോഗിക പദവികൾ അലങ്കരിക്കുന്നു എന്ന് അഭിമാനപൂർവ്വം പ്രസ്താവിക്കട്ടെ.

## വിദ്യാലയത്തിന്റെ കരുത്ത്:

> വിദ്യാലയത്തിന്റെ പുരോഗതിക്കുവേണ്ടി ഏതു തരം പിന്തുണയും നൽകാൻ സന്നദ്ധമായ പി.ടി.എ., എം.പി.ടി.എ.

> വിദ്യാലയ വളർച്ചക്ക് തങ്ങളുടെ സംഭാവനകൾ അർപ്പിക്കാൻ തയ്യാറുള്ള പൂർവ്വ വിദ്യാർത്ഥികൾ.

> സർക്കാർ വിദ്യാലയത്തെ തങ്ങളുടെ സേവന മേഖലയായി കാണുന്ന സന്നദ്ധ സംഘടനകൾ.

> വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി അധിക സമയം ചെലവഴിക്കാനും നൂതന പഠനതന്ത്രങ്ങൾ പ്രയോഗിക്കാനും പരമാവധി ശ്രമിക്കുന്ന അധ്യാപകർ.

> പ്രാഥമിക ആവശ്യങ്ങൾക്ക് പ്രയാസമില്ലാത്ത സാധാരണക്കാരുടെ മക്കൾ, വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ്.

> പ്രീ പ്രൈമറി വിദ്യാലയത്തിന് അംഗീകാരമില്ലാത്തതുകൊണ്ടു നേരിടുന്ന സാമ്പത്തിക പ്രയാസം.

# STAFF DETAILS

| Sl.No | Name & designation | Home | Phone Number |
|---|---|---|---|
| 1 | REHNA MOL<br>HM | MAMPOYIL HOUSE<br>MUKKAM P.O<br>MUKKAM | 8848523764 |
| 2 | AHAMMED SHAFI.K<br>P.D.TEACHER | KILLIKKOT-H<br>CHENNAMANGALLUR P O<br>MUKKAM | 9946641664 |
| 3 | SMINA. P<br>LPSA | KODIYANGAL H THONDIMMAL<br>MUKKAM P O | 8281358616 |
| 4 | SHOBHANA K<br>LPSA | SAYOOJYAM HOUSE<br>VENGARA PO<br>KANNUR - DIST. | 9526441542 |
| 5 | SUGATHAKUMARI<br>COOK | ARAMPURATH -H<br>THONDIMMAL<br>MUKKAM PO | 9645856955 |
| 6 | SILAMANI. A. V<br>P T C M | KUMMOMKODE H<br>MEEMUTTY PO<br>NELLIPPOYIL. KODENCHERY | 9744021054 |

# ചുമതല വിഭജനം 2023–24

| | |
|---|---|
| എസ് ആർ ജി കൺവീനർ | സ്മിന പി |
| സ്റ്റാഫ് സെക്രട്ടറി | സ്മിന പി |
| സീനിയർ അസിസ്റ്റന്റ് | അഹമ്മദ് ഷാഫി കെ |
| ഉച്ച ഭക്ഷണം | അഹമ്മദ് ഷാഫി കെ |
| വാർഷിക കലണ്ടർ | സ്മിന പി |
| പഠന യാത്ര | അഹമ്മദ് ഷാഫി കെ |
| സ്കൂൾ തെരഞ്ഞെടുപ്പ് | അഹമ്മദ് ഷാഫി കെ |
| ശാസ്ത്ര മേള | സ്മിന പി |
| കലാ മേള | സ്മിന പി |
| സ്പോർട്ട്സ് | അഹമ്മദ് ഷാഫി കെ |
| ലൈബ്രറി | ശോഭന കെ. |
| ഐ സി ടി | ശോഭന കെ. |

## ഉച്ച ഭക്ഷണ വിതരണം

| | |
|---|---|
| തിങ്കൾ | സ്മിന പി. |
| ചൊവ്വ | ശോഭന കെ. |
| ബുധൻ | സനിത. ടി. പി |
| വ്യാഴം | അഹമ്മദ് ഷാഫി കെ. |
| വെള്ളി | ശ്രുതി രാജൻ |

## ക്ലബ്ബുകൾ

| | |
|---|---|
| വിദ്യാരംഗം | സ്മിന പി. |
| ഇംഗ്ലീഷ് ക്ലബ് | ശ്രുതി രാജൻ |
| ശാസ്ത്ര ക്ലബ് | ശോഭന കെ. |
| സാമൂഹ്യ ശാസ്ത്ര ക്ലബ് | അഹമ്മദ് ഷാഫി കെ. |

# പിന്തുണ സംവിധാനങ്ങൾ
# 2023 – 24

| | |
|---|---|
| പി ടി എ പ്രസിഡണ്ട് | |
| വൈസ് പ്രസിഡണ്ട് | |
| എസ്എംസി ചെയർ പേഴ്സൺ | |
| എംപിടിഎ ചെയർ പേഴ്സൺ | |
| എസ് എസ് ജി ചെയർമാൻ | ജയപ്രസാദ് എസ് |
| അംലുനി ചെയർമാൻ | വിജു എം |
| വാർഡ് മെമ്പർ | ബീന എ.പി. |

## പൊതു ലക്ഷ്യങ്ങൾ :

1. അതാത് ക്ലാസിൽ നേടേണ്ട പഠന ശേഷികൾ ഉറപ്പാക്കുക.

- പ്രീ ടെസ്റ്റ്
- പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനം
- യൂനിറ്റ് ടെസ്റ്റ്
- ഗ്രൂപ്പ് മത്സരങ്ങൾ സമ്മാനങ്ങൾ
- രക്ഷിതാക്കളുമായി നിരന്തര ഇടപെടൽ
- ഓരോ കുട്ടിയുടെയും വളരുന്ന പ്രൊഫൈൽ

2. വളരുന്ന വായന

- 50 വർക് ഷീറ്റ്
- ദിവസവും ശ്രാവ്യവായന-ദിവസ ഗ്രൂപ്പ്
- ബാലമാസികകൾ ശേഖരിച്ച് വായനാമൂല
- ക്ലാസ് ലൈബ്രറി
- മികച്ച വായനക്കാർക്ക് പൊതുലൈബ്രറി
- E reading പരിശീലനം
- വായനക്കുറിപ്പുകൾ

3. ഈസി ഇംഗ്ലീഷ്.

- ഒന്നാംതരം മുതൽ ഫോണിക്ക് റീഡിംഗ്
- നിർദേശങ്ങൾ ഇംഗ്ലീഷിൽ
- മാസത്തിൽ ഒരു ഇംഗ്ലീഷ് കഥ(ഓരോ കുട്ടിയും)
- ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ

-അസംബ്ലിയിൽ ദിവസവും ഇംഗ്ലീഷ് അവതരണം

- ഓരോ ക്ലാസും ഒരു Rhyme ൽ തുടങ്ങുന്നു

- My Voccabulary. ചുറ്റുമുള്ള വസ്തുക്കളുടെ

ഇംഗ്ലീഷ് പേരുകൾ എഴുതുന്ന ബുക്ക്

- ഇഗ്ലീഷ് ബോർഡ് (Creative Works)

- കട്ടകൾ, കാർഡുകൾ, ചാർട്ടുകൾ

4. നിരന്തര വിലയിരുത്തൽ

-ദിവസ ഗ്രൂപ്പിനെ ആ ദിവസം വിലയിരുത്തുന്നു

-നിരന്തര വിലയിരുത്തൽ രേഖപ്പെടുത്താൻ ഫോർമാറ്റ്

-യൂണിറ്റ് ടെസ്റ്റുകൾ

-വ്യക്തിഗത ശ്രദ്ധയിലൂടെ  പരിഹാര ബോധനം

-ടേം വിലയിരുത്തൽ രേഖകൾ അടുത്ത ക്ലാസിലേക്ക് കൈ

മാറ്റം

5. പരിസ്ഥിതിക അവബോധം

-കുട്ടിക്കൃഷി

-പ്രകൃതി പഠന യാത്രകൾ

-ദിനാചരണങ്ങൾ

-അസംബ്ലി പ്രസംഗങ്ങൾ

6. പ്രത്യേക പരിഗണന അർഹിക്കുന്നവർ

പിയർ ഗ്രൂപ്പ് സഹകരണം ഉറപ്പാക്കൽ

-ചെയ്തു പഠിക്കാൻ അവസരം

-സൗഹൃദ ഭൗതികാന്തരീക്ഷം

-പ്രത്യേക പരിശീലനം നേടിയ അധ്യപകരുടെ സേവനം ലഭ്യമാക്കൽ

7. രക്ഷാകർതൃ ശാക്തീകരണം

-എല്ലാ മാസവും CPTA

ബോധ വൽക്കരണ ക്ലാസുകൾ

-അമ്മ ലൈബ്രറി

-രക്ഷിതാക്കൾക്ക് ക്വിസ് കലാകായിക മത്സരങ്ങൾ.

-സോഷ്യൽ മീഡിയ ഗ്രൂപ്പുകളിലൂടെ നിരന്തര ആശയ വിനിമയം

8. അധ്യാപക ശാക്തീകരണം

-രണ്ടാഴ്ചയിൽ ഒരിക്കൽ SRG

പ്രയാസ മേഖലയിൽ (ICT, Spoken Eng) പ്രത്യേക പരിശീലനം.

-രേഖപെടുത്തൽ എളുപ്പമാക്കാൻ ഫോർമാറ്റുകൾ

-ക്ലാസ് മത്സരങ്ങളിലൂടെ പ്രോത്സാഹനം.

9. കുട്ടികളുടെ മാനസിക-വൈകാരിക അവസ്ഥ പഠനം

-ജാഗ്രതാ ക്ലാസുകൾ

- പരാതിപ്പെട്ടി

-സ്നേഹപൂർണ ഇടപെടൽ

-പ്രശ്നമുള്ളവർക്ക് കൗൺസിലിംഗ്

- സൗഹൃദങ്ങൾക്ക് പ്രോത്സാഹനം

10. ICT. ക്രിയാത്മക ഉപയോഗം.

- പാഠഭാഗമുമായി ബന്ധപ്പെട്ട് കാണിക്കേണ്ടവ മുൻകൂട്ടി

തയ്യാറാക്കുന്നു.

- 3,4 ക്ലാസിലെ കുട്ടികൾക്ക് Net Search ചെയ്യാൻ

പരിശീലനം

- എല്ലാ അധ്യാപകർക്കും ലാപ്ടോപ്പ്

# അക്കാദമിക പദ്ധതികൾ

മേഖല : അക്കാദമികം

ഉപമേഖല : ഭാഷാശേഷി വികസനം

| Sl.No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | മുകുളം (ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ) | 1. പ്രീ ടെസ്റ്റ്<br>2. ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറയ്ക്കാതെ പോയ കുട്ടികളെ കണ്ടെത്തുന്നു.<br>3. രക്ഷിതാക്കളുമായി അഭിമുഖം<br>4.അവധി ദിവസം പഠനോപകരണ ശില്പശാല-രക്ഷിതാക്കൾക്ക്.<br>5 ദിവസവും അര മണിക്കൂർ പ്രത്യേക ക്ലാസ്.<br>6. മാസത്തിൽ വിലയിരുത്തൽ നടത്തി ശേഷി നേടിയവരെ ഒഴിവാക്കുന്നു.<br>7. 20ം ക്ലാസ്മുതൽ 40ം ക്ലാസ് വരെ മുഴുവൻ കുട്ടികൾക്കും എഴുതാനും വായിക്കാനും കഴിയുന്നു | ജൂൺ ആദ്യവാരം<br>ജൂൺ 15<br>ജൂൺ 20<br>ജൂൺ 30 നുള്ളിൽ<br>ജൂലൈ 1 മുതൽ<br>ആഗസ്റ്റ് മുതൽ എല്ലാ മാസവും<br>മാർച്ച് ആദ്യ വാരം | ചാർട്ടുകൾ കാർഡുകൾ മാർക്കർ കത്രിക അക്ഷരകാട്ടുകൾ ചിഹ്നങ്ങൾ | വിദ്യാരംഗം കൺവീനർ ക്ലാസ് അധ്യാപകർ, PTA |

മേഖല : അക്കാദമികം

ഉപമേഖല : ഭാഷാശേഷി വികസനം

| Sl.No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 2 | ഇതളുകൾ. (വായനാ ശീലം വ ളർത്തിയെടുക്കൽ) ശ്രവ്യവായന | 1. ഗ്രൂപ്പ് ആക്കൽ. (5) ദിവസപ്പേരിൽ<br>2. ഓരോ ദിവസവും ക്ലാസിലെ ആദ്യ പ്ര വർത്തനം ആ ദിവസപ്പേരിലുള്ള ഗ്രൂപ്പുക ളുടെ ശ്രവ്യവായനാവതരണം.<br>3. റീഡിംങ് കാർഡുകൾ നിർമാണം, ശേ ഖരണം.<br>4. തലേ ദിവസം കാർഡുകൾ നൽകുന്നു.<br>5. അവതരണ മികവനുസരിച്ച് ടീച്ചർ ഗ്രേ ഡ് പറയുന്നു. ഗ്രൂപ്പ് ലീഡർ എല്ലാവരു ടെയും ഗ്രേഡ് രേഖപ്പെടുത്തുന്നു.<br>6. മാസാവസാനം ഗ്രേഡുകൾ പരിശോധി ച്ച് മികച്ച വായനക്കാർക്ക് സമ്മാനം. | ജുലൈ മുതൽ മാർച്ച് വരെ | വായനാ കാർഡുകൾ ബാല മാസി കകൾ | ക്ലാസ് ടീച്ചർ MPTA |

മേഖല : അക്കാദമികം

ഉപമേഖല : ഭാഷാശേഷി വികസനം

| Sl.No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 3 | സുഗന്ധം (വായനയുടെ ആ സ്വാദനത്തിലേക്ക് കുട്ടികളെ നയിക്കൽ | 1. വായനാ മൂല ഒരുക്കൽ<br>2. വായിച്ചു കഴിഞ്ഞ ബാല മാസികകൾ ക്ലാസിന്റെ പേരിൽ വായനാ മൂലയിലേക്ക്.<br>3. ക്ലാസ് ലൈബ്രറി, ലൈബ്രേറിയൻ, വിതരണ രജിസ്റ്റർ<br>4. ഇഷ്ടപ്പെട്ട കഥ അസംബ്ലിയിൽ അവതരണം.<br>5. വായനാ കുറിപ്പ്- വളരുന്ന പുസ്തകം. മികച്ച വായനക്കാർക്ക് സ്കൂൾ ലൈബ്രറിയിൽ നിന്ന് ബുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം<br>ആവശ്യമുള്ള പുസ്തകങ്ങൾ സെർച്ച് ചെയ്ത് കണ്ടെത്താൻ പരിശീലനം | ജൂലൈ മുതൽ മാർച്ച് വരെ | ബാല മാസികകൾ<br>ബാല സാഹിത്യം<br>ലൈബ്രറി<br><br>ICT | വിദ്യാരംഗം കൺവീനർ<br>ക്ലാസ് ടീച്ചർ |

മേഖല : അക്കാദമികം

ഉപമേഖല : ഭാഷാശേഷി വികസനം

| Sl.No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 4 | തൂലിക (സർഗ സൃഷ്ടിക്ക് പരിശീലനം നൽകൽ) | 1. രചനാ ശിൽപ്പശാല<br>ഒരു വിഷയത്തെ വർണിച്ച് കഥ, കവിത, അനുഭവക്കുറിപ്പ്, തുടങ്ങി വിവിധ സൃഷ്ടികൾ നടത്തുന്നതിന്റെ പ്രാഥമിക രചനാ പരിശീലനം, മാസത്തിൽ ഒന്ന്.<br>2. ദിവസ ഗ്രൂപ്പുകളുടെ വക ചുമർപത്രം ക്ലാസിൽ<br>3. വൈകുന്നേരം സ്വന്തം സൃഷ്ടി പോർട്ട് ഫോളിയോയിലേക്ക്.<br>4. ആഴ്ച്ചയിൽ ക്ലാസിന്റെ മികച്ച സൃഷ്ടികൾ മലയാളം ബോർഡിലേക്ക് (സ്കൂൾ ചുമർപത്രം)<br>5. മികച്ച സൃഷ്ടികളുടെ കോപ്പി സ്കൂൾ മാഗസിനിലേക്ക്<br>6. വർഷാവസാനം എല്ലാവർക്കും മാഗസീൻ | ജൂലൈ മുതൽ മാർച്ച് വരെ | A4 ഷീറ്റുകൾ ഫയലുകൾ ഫ്ളാനൽ ബോർഡ് DTP | വിദ്യാരംഗം കൺവീനർ PTA പഞ്ചായത്ത് ക്ലാസ് ടീച്ചർ |

മേഖല : അക്കാദമികം

ഉപമേഖല : ഭാഷാശേഷി വികസനം

| Sl.No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 5 | നടനം (രംഗാവിഷ്ക്കാരം) | 1 ഉചിതമായ കഥ ഹൃദ്യമായി അവതരിപ്പിക്കുന്നു.<br>2. നാടക രൂപത്തിൽ ഗ്രൂപ്പായി എഴുതി തയ്യാറാക്കുന്നു.<br>3. ഗ്രൂപ്പ് അവതരണം.<br>4. മികച്ച അഭിനേതാക്കളെ ചേർത്ത് ക്ലാസ് ടീം<br>5. നാടകം വിവിധ ക്ലസുകളിൽ പോയി അവതരിപ്പിച്ചു കാണിക്കുന്നു.<br>6. മറ്റു സ്ക്രിറ്റുകൾ രംഗാവിഷ്ക്കാരം നടത്തുന്നു.<br>7. രംഗാവിഷ്ക്കാര വിഷ്വലുകൾ കാണാൻ അവസരം | സെപ്താംബർ<br>ഒക്ടോബർ<br>നവംബർ<br>ICT | കൊച്ചു നാടകങ്ങൾ (രചന) നാടകങ്ങൾ വിഷ്വൽ | വിദ്യാരംഗം കൺവീനർ PTA പഞ്ചായത്ത് ക്ലാസ് ടീച്ചർ |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

| Sl.No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | 1 അക്കൻ<br>പൂജ്യം മുതൽ 9 വരെ അക്കങ്ങൾ എഴുതിയ അക്ക ശീട്ടുകൾ പല സെറ്റുകൾ ഓരോന്നിലും ഒരക്കം പ്രാഥമിക ഗണിതാശയങ്ങൾ ഉറപ്പിക്കാൻ | 1. കശക്കിയ ശീട്ടുകൾ മേശപ്പുറത്ത് വെക്കുന്നു. ഓരോരുത്തർക്കും 2 ശീട്ടുകൾ വീതം എടുക്കാം. ശീട്ടിലെ അക്കങ്ങൾ തമ്മിൽ കൂട്ടി ഉത്തരം സ്ളേറ്റിൽ എഴുതുക.<br>2. വലുതിൽ നിന്നും ചെറുത് കുറച്ചെഴുതുക.<br>3. പരസ്പരം ഗുണിച്ച് ഗുണനഫലം എഴുതുക<br>4. കൂടുതൽ ശീട്ടുകൾ എടുത്ത് സങ്കലനം വ്യവകലനം ഗുണനം എന്നിവയുടെ ഉയർന്ന ക്രിയകൾ ചെയ്യാം.<br>5. പരമാധി സംഖ്യകൾ ഉണ്ടാക്കുക ആരോഹണ ക്രമത്തിൽ എഴുതുക. | വർഷം മുഴുവൻ<br><br>ICT | കുട്ടികളുടെ എണ്ണം അക്കശീട്ട് കെട്ടുകൾ | ക്ലാസ് ടീച്ചർ |

| Sl.No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 2 | കോലൻ ഒന്ന്,പത്ത്, നൂറ് സ്ഥാനവില ഉറപ്പിക്കാൻ കമ്പു കെട്ടുകൾ | 1- എഴുതിത്തീർന്ന പേനകൾ 10 ന്റെ കെട്ടുകളാക്കി ശേഖരിക്കുന്നു.<br>2- 10 പത്തിന്റെ കെട്ടുകൾ ഒരു ചോക്കു പെട്ടിയ്ൽ വെച്ച് പെട്ടിപ്പുറത്ത് 100 എന്നെഴുതി ഓരോകുട്ടിക്കും ഒരു ചോക്ക് പെട്ടി വീതം ക്ലാസിൽ ഒരുക്കുന്നു.<br>4- 3 അക്ക സംഖ്യകൾ എഴുതിയ കാർഡുകൾ മേശപ്പുറത്ത് വെക്കുന്നു. ഓരോ ഗ്രൂപ്പും കിട്ടിയ കാർഡിലെ സംഖ്യ കെട്ടുകൾ കൊണ്ട് ചിത്രീകരിക്കുന്നു<br>5- കെട്ടുകൾ ഉപയോഗിച്ച് സങ്കലന വ്യാവകലന ക്രിയകൾചെയ്യുന്നു. | എല്ലാ മാസവും | ഉപയോഗിച്ചു കഴിഞ്ഞ പേനകൾ ചോക്കു പെട്ടികൾ | ക്ലാസ് ടീച്ചർ |

**മേഖല : അക്കാദമികം**

**ഉപമേഖല : ഗണിതം**

| Sl.No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 3 | **മനനൻ** (ഗണിത ക്ലാസിന്റെ തുടക്കം ഒരു മനക്കണക്കിൽ ഗണിത ശേഷി വികാസത്തിന്) | 1. അതാത് ക്ലാസിന്റെ നിലവാരത്തിന് അനുയോജ്യമായ ഒരു മനക്കണക്ക് ചോദിച്ചു കൊണ്ടാവട്ടെ ഓരോ ഗണിത ക്ലാസിന്റെയും തുടക്കം.<br>ആദ്യം ഉത്തരം നൽകുന്നവനെ ഒന്നാം സീറ്റിൽ ഇരുത്തുന്നു.<br>2മുൻകൂട്ടി തയ്യാറാക്കി വന്ന മനക്കണക്കുകൾ പരസ്പരം ചോദിച്ച് മികച്ച ഗ്രൂപ്പിനെ കണ്ടെത്തുന്നു.<br>3 കുസൃതി നിറഞ്ഞ മനക്കണക്കുകളുടെ ശേഖരണ പുസ്തകം.<br>4- ഗണിത ക്വിസ് മത്സരം | ജൂൺ മുതൽ മാർച്ച് വരെ | കുസൃതിക്കണക്ക് പുസ്തകങ്ങൾ | ക്ലാസ് ടീച്ചർ MPTA |

| Sl.No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
| --- | --- | --- | --- | --- | --- |
| 4 | ഗണിത ക്ലബ്<br>ഗണിതത്തിൽ താൽപ്പര്യമുള്ള കുട്ടികളെ ചേർത്ത് ക്ലബ് രൂപീകരണം | 1. മാസത്തിൽ ചേരുന്ന ക്ലബ് യോഗങ്ങളിൽ ഗണിത കേളികൾ, പസിലുകൾ, പാറ്റേണുകൾ, രൂപങ്ങൾ നിർമ്മാണം എന്നിവ നൽകുന്നു.<br>2 ക്ലബിന്റെ ആഭിമുഖ്യത്തിൽ ഗണിത എക്സിബിഷൻ നടത്തുന്നു.<br>3 സ്കൂൾ സ്കെച്ച് വിവിധ ക്ലാസുകളുടെ കെട്ടിടങ്ങളുടെ അളവുകൾ എന്നിവ കണക്കാക്കി എഴുതി പ്രദർശിപ്പിക്കുന്നു<br>4ഗണിത മാഗസിൻ തയ്യാറാക്കുന്നു<br>5 ഉത്തരപ്പെട്ടി സ്ഥാപിച്ച് ദിവസച്ചോദ്യങ്ങൾ നൽകുന്നു.<br>6. ഗണിത ക്വിസ് മാസത്തിൽ | ആഗസ്റ്റ് മുതൽ മാർച്ച് വരെ | ചാർട്ടുകൾ കാർബോർഡുകൾ, തെർമോകോൾ ഗണിത പുസ്തകങ്ങൾ | ഗണിത ക്ലബ് കൺവീനർ ക്ലാസ് ടീച്ചർ<br>PTA |

**മേഖല : അക്കാദമികം** **ഉപമേഖല : ഗണിതം**

| Sl.No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 5 | **ഗണിത ലാബ്**<br>ഗണിതാശയങ്ങൾ കൂടുതൽ മനസ്സിലാക്കാനും സ്വയം പ്രവർത്തിക്കാനുംപര്യാപ്തമായ ഗണിത ലാബ് | 1. ഗണിത ശാസ്ത്രജ്ഞൻമാരുടെ ഫോട്ടോകൾ ജീവചരിത്രങ്ങൾ<br>2. പാറ്റേണുകൾ; രൂപങ്ങൾ<br>3.ഗണിത പുസ്തകങ്ങൽ<br>5.ഇൻസ്ട്രുമെന്റുകൾ<br>5.കമ്പുകൾ, കട്ടകൾ, ചാർട്ടുകൾ,<br>6.വൈറ്റ് ബോർഡ്, മാർക്കർ<br>7പസിലുകൾ നിർധാരണം, യൂ-ട്യൂബ് പ്രദർശനങ്ങൾ<br>8.ഗണിത ക്രിയകൾ എളുപ്പ വഴികൾ<br>9.സർച്ച് എഞ്ചിനുകൾ പരിചയപ്പെടൽ | ആഗസ്റ്റ് മുതൽ | ചാർട്ടുകൾ, പ്രിന്റൗട്ടുകൾ<br>ICT<br>ICT<br>ICT | ഗണിത ക്ലബ് കൺവീനർ ക്ലാസ് ടീച്ചർ<br>PTA |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| Sl.No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1 | **Letter Boxes**<br>ഇംഗ്ലീഷ് അക്ഷരങ്ങൾ എഴുതിയ കട്ടകൾ<br>വവ്വൽസ് 10 സെറ്റ്<br>മറ്റുള്ളവ 4 സെറ്റ് | 1. അക്ഷരങ്ങൾ സംഘടിപ്പിക്കുന്നു. വവ്വൽസ് 10 സെറ്റ്<br>1, 2, 3 ലൈനിൽ വരുന്ന അക്ഷരങ്ങൾ<br>(eg: b,d,f,h,k,l,t)4 സെറ്റ്<br>2, 3, 4 ലൈനിൽ വരുന്നവ<br>(eg: g.j.p.q.y) 4സെറ്റ്<br>2, 3 ലൈനിൽ വരുന്നവ 4 സെറ്റ്<br>(c.m.n.r.s.v.w.x.z)<br>എന്നിങ്ങനെ പെട്ടികളിലാക്കുന്നു.<br>2. ഗ്രൂപ്പുകളായി തിരിച്ച് Flowers, Animals, എന്നിങ്ങനെ വിഭാഗത്തിൽ പരമാവധി വാക്കുകൾ നിർമ്മിക്കട്ടെ<br>4. വാക്കുകളിൽ നിന്ന് വാക്യങ്ങൾ നിർമ്മിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | അക്ഷര കട്ടകൾ, പെട്ടികൾ | ക്ലാസ് ടീച്ചർ<br>CRC<br>ഗ്രാൻഡ്<br>PTA |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| Sl.No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 2 | **STORY TIME**<br>കുട്ടികൾക്ക് ഭാഷ കേട്ടു മനസ്സിലാക്കാനും പറഞ്ഞു ശീലിക്കാനും അവസരം | 1. ഓരോ ഇംഗ്ലീഷ് ക്ലാസും ഒരു കൊച്ചു കഥയിൽ തുടങ്ങുന്നു. ടീച്ചർ ഭാവത്തോടെ സാവധാനം വളരെ ചെറിയ ഒരു കഥ (ഇംഗ്ലീഷിൽ) ക്ലാസിൽ അവതരിപ്പിക്കുന്നു കുട്ടികളിൽ ഒരാൾ മനസ്സിലായ പോലെ അക്കഥ മലയാളത്തിൽ അവതരിപ്പിക്കട്ടെ<br>2 സ്കോഡിൽ പെട്ട ഒരു കുട്ടി ഒരു ഇംഗ്ലീഷ് കഥ പറയുന്നു മാസത്തിൽ ഒരു കഥയെങ്കിലും ഓരോ കുട്ടിയും അവതരിപ്പിക്കുന്നു.<br>3.You tube ൽ നിന്നും കുട്ടിക്കഥകൾ കേൾപ്പിക്കുന്നു<br>4.കുട്ടിക്കഥകളുടെ റീഡിംഗ് കാർഡ് തയ്യാറാക്കി നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് കഥാ പുസ്തകങ്ങൾ റീഡിംഗ് കാർഡുകൾ കഥാ CDകൾ | ഇംഗ്ലീഷ് ടീച്ചർ<br>PTA<br>Department |

| No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 3 | **Rhyme Time**<br>ഭാഷാ ആസ്വദി ക്കാനും ചില പദ ങ്ങളും പ്രയോഗങ്ങ ളും പരിചയപ്പെ ടാനും | 1. ദിവസം ഒരു Rhyme ടീച്ചർ അവതരിപ്പിക്കുക. ആ ആഴ്ച്ച മുഴുവൻ Chorus ആയി കുട്ടികൾ അത് ആവർത്തിക്കട്ടെ.<br>2.Rhymes for useges.<br>Where have you been?<br>Have you any wool?<br>Pick them up<br>Where is thump King<br>3. Watching visuals of rhymes and listening from You tube<br>4.Rhymes Competetion<br>5. Adding lines and making rhymes | വർഷം മുഴുവൻ<br>ICT | പുസ്തകങ്ങൾ CDകൾ | ഇംഗ്ലീഷ് ടീച്ചർ |

| Sl.No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 4 | **Language Games** | 1- Word Chain<br><br>**Eg:** Eat- table- egg-girl<br>2. Word Puzzles<br>3. List Words in each Combination box<br>[tion] [sion] [th] [sh]<br>5. Zoo Game<br>6. Advocate game.<br>7. Riddles | ജൂലൈ മുതൽ മാർച്ച് വരെ | | ഇംഗ്ലീഷ് ടീച്ചർ |

മേഖല : അക്കാദമികം

ഉപമേഖല : ഇംഗ്ലീഷ്

| Sl.No | പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 5 | അസംബ്ലി പ്രസന്റേഷൻ | 1. ഓരോ ക്ലാസിൽ നിന്നും ഒരു കുട്ടി അസംബ്ലിയിൽ എന്തെങ്കിലും ഒരു വസ്തു Intreduce പരിചയപ്പെടുത്തുകയോ കഥ അവതരിപ്പിക്കുകയോ ചെയ്യുന്നു.<br>2. ഒരു Proverb പറഞ്ഞ് അതിന്റെ ആശയം വിശദീകരിക്കുന്നു.<br>3. ഇംഗ്ലീഷിൽ കൊച്ചു പ്രസംഗം അവതരിപ്പിക്കുന്നു.<br>4. ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു | ജൂലൈ മുതൽ മാർച്ച് വരെ | Proverb Book | ക്ലാസ് ടീച്ചർ |
| 6 | സ്കിറ്റ് അവതരണം | പാഠഭാഗം സ്കിറ്റ് ആയി അവതരിപ്പിക്കുന്നു.<br>അറിയാവുന്ന ലഘു കഥകൾ സ്കിറ്റ് ആക്കി അവതരിപ്പിക്കുന്നു. | | സ്കിറ്റ് മോഡലുകൾ | |

**മേഖല : അക്കാദമികം**

**ഉപമേഖല : ശാസ്ത്രം**

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | നിരീക്ഷണം- പരീക്ഷണം ശാസ്ത്ര ബോധം വളർത്താൻ ശാസ്ത്ര വഴിയിലൂടെ | 1. ദിവസ ചോദ്യങ്ങൾ ശേഖരിച്ച് ചോദ്യ ശേഖരത്തിലേക്ക് മെഗാ ക്വിസിലേക്ക്.<br>2. ശാസ്ത്ര പുസ്തകങ്ങൾ, ക്ലാസ് ലൈബ്രറിയിൽ ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ<br>3. പരീക്ഷണക്കളരി- ശാസ്ത്ര വിജ്ഞാന ഡയറി.<br>4. ശാസ്ത്രമൂല ഒരുക്കൽ, ഉപകരണങ്ങൾ, ശാത്രജ്ഞരുടെ ഫോട്ടോകൾ, ജീവചരിത്രങ്ങൾ<br>5. വർക്ക് ഷീറ്റുകൾ രൂപപെടുത്തൽ<br>6. ICT ബഹിരാകാശ ഡിജിറ്റൽക്ലാസ് തുടർ അന്വേഷണങ്ങൾ<br>7. ജൈവ വൈവിധ്യ ഉദ്യാനം | ജൂൺ<br>മാർച്ച് | സ്കൂൾ ലൈബ്രറി | ശാസ്ത്ര ക്ലബ്/ PTA |

മേഖല : അക്കാദമികം

ഉപമേഖല : ശാസ്ത്രം

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല/ സാമ്പത്തികം |
|---|---|---|---|---|---|
| 2 | ശാസ്ത്ര ദിനാചരണങ്ങൾ | 1. ദിനാചരണങ്ങളിൽ പ്രത്യേക പ്രവർത്തനങ്ങൾ<br>-അസംബ്ലി<br>-പതിപ്പ്<br>-പ്രശ്നോത്തരി<br>-വീഡിയോ പ്രദർശനം<br>-നാടകീകരണം<br>-പ്രദർശനം<br>-വാന നിരീക്ഷണം<br>-അഭിമുഖം<br>-പഠനയാത്രകൾ | ജൂൺ<br>മാർച്ച് | CD's<br>ലൈബ്രറി<br>വ്യക്തികൾ | ശാസ്ത്ര ക്ലബ്/<br>PTA |

മേഖല : അക്കാദമികം

ഉപമേഖല : ശാസ്ത്രം

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല/ സാമ്പത്തികം |
|---|---|---|---|---|---|
| 4 | ശാസ്ത്ര സാഹിത്യം | -ശാസ്ത്ര പ്രാധാന്യമുള്ള ദിനങ്ങളിൽ , തയ്യാറാക്കുന്ന ലേഖനങ്ങൾ, ശേഖരിക്കുന്ന പത്രവാർത്തകൾ, കഥകൾ, പസിലുകൾ, ഫോട്ടോകൾ എന്നിവ ഉൾക്കൊള്ളിച്ച് മാസികകൾ തയ്യാറാക്കുക.<br>- വാർഷാവസാനം വാർഷിക പതിപ്പായി മികച്ച സൃഷ്ടികൾ മാറ്റുക.<br>-വാർഷികത്തിന് പ്രകാശനം ചെയ്യുക. | വർഷം മുഴുവൻ | ദിന പത്രങ്ങൾ, മാസികകൾ | ശാസ്ത്ര ക്ലബ്<br>PTA |

**മേഖല : അക്കാദമികം**

ഉപമേഖല : പരിസ്ഥിതി പഠനം

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല/ സാമ്പത്തികം |
|---|---|---|---|---|---|
| 3 | പരിസ്ഥിതി സംരക്ഷണ അവബോധം സൃഷ്ടിക്കൽ. കൃഷിയുടെ പ്രാധാന്യം തിരിച്ചറിയൽ | - മഴക്കുഴി നിർമ്മാണം<br>- ജൈവ വേലി<br>- വിത്തുകൾ, കമ്പുകൾ, തൈകൾ<br>- തീരുമാനിക്കൽ- May<br>- നിലമൊരുക്കൽ- June<br>- വിത്തുകൾ വിതയ്ക്കൽ- July<br>- തൈ നടീൽ-<br>- പരിപാലനം (സ്കോഡ് തിരിച്ച്)<br>- Report തയ്യാറാക്കൽ (കുട്ടികൾ ആദ്യഘട്ടം മുതൽ ഉള്ളത്)<br>- വളം ചേർക്കൽ<br>- കളപറിക്കൽ<br>- പരിപാലനം<br>- വിളവെടുപ്പ് | ദീർഘ കാലം 2 വർഷം | പറമ്പ്, വിത്തുകൾ, ചെടികൾ, തൈകൾ | പരിസ്ഥിതി ക്ലബ്, തദ്ദേശ സ്വയം ഭരണ വകുപ്പ് PTA |

**മേഖല : അക്കാദമികം**

ഉപമേഖല : കലാ പഠനം

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല/ സാമ്പത്തികം |
|---|---|---|---|---|---|
| 2 | കലാ പരിശീലനം | സംഗീതം, നൃത്തം, ചിത്രരചന ക്ലാസുകൾ സംഘടിപ്പിക്കുക<br>സർഗ്ഗവേള എല്ലാ ആഴ്ച്ചയും ക്ലാസ്തല ത്തിലും മാസത്തിലൊരിക്കൽ സ്കൂൾ തല ത്തിലും നടത്തുക.<br>അസംബ്ലിയിൽ അവതരണത്തിന് അവസരം നൽകുക<br>വാർഷികം, കലാമേളകൾ എന്നിവയിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പു വരു ത്തുക.<br>വിദ്യാലയത്തിൽ PTA സഹകരണത്തോടെ കലാ പ്രൊഫഷണലുകളുടെ സേവനം ലഭ്യമാക്കുക. | 1 വർഷം | സംഗീതം, നൃത്തം, ചിത്ര രചന, അധ്യാപകർ | PTA/ SSA/ വിദ്യാരംഗം |

**മേഖല : അക്കാദമികം**

**ഉപമേഖല : പ്രവൃത്തി പരിചയം**

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | കുട്ടികളുടെ അഭിരുചികൾ തിരിച്ചറിഞ്ഞ് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകൽ | -താൽക്കാലികമായെങ്കിലും അധ്യാപകരെ ലഭ്യമാക്കൽ<br>-കുട്ടികൾ നിർമ്മിച്ചവ പ്രദർശിപ്പിക്കൽ<br>-അസംബ്ലിയിൽ അവതരിപ്പിക്കൽ<br>-ഡോക്യുമെന്റ് ചെയ്യാൽ | 1 വർഷം | വർണ്ണക്കടലാസുകൾ നൂലുകൾ മറ്റു പ്രവൃത്തി പരിചയ സാമഗ്രികൾ W.E Teacher | PTA/ SSA/ ക്ലാസ് ടീച്ചർ |

**മേഖല : അക്കാദമികം**

**ഉപമേഖല : കായികം/ ആരോഗ്യം**

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല/ സാമ്പത്തികം |
|---|---|---|---|---|---|
| 2 | കുട്ടികളുടെ ക്ഷ്മത വർദ്ധിപ്പിക്കൽ, നല്ല ആരോഗ്യ ശീലങ്ങൾ വളർത്തിയെടുക്കൽ | - കായിക ഉപകരണങ്ങൾ ലഭ്യമാക്കൽ<br>- സ്കൂൾ കായികമേള സംഘടിപ്പിക്കൽ ഉപജില്ലാ തലത്തിൽ മത്സരിപ്പിക്കൽ<br>- സ്കൂളിന് സ്വന്തമായി ഫുഡ്ബോൾ ടീം ഉണ്ടാക്കൽ<br>- ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണ ക്ലാസ് നൽകൽ<br>- കരാട്ടേ ക്ലാസിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കൽ | എല്ലാ വർഷവും | | LSG<br>PET<br>PHC |

മേഖല : അക്കാദമികം

ഉപമേഖല : ടാലന്റ് ലാബ്

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല/ സാമ്പത്തികം |
|---|---|---|---|---|---|
| 1 | ടാലന്റ് ലാബ്: പഠന പ്രവർത്തനങ്ങൾക്കുപരി കുട്ടികളുടെ വ്യക്തിഗതമായ വളർച്ചയ്ക്ക് വേണ്ട മാർഗ്ഗമൊരുക്കൽ | -ടാലന്റ് പട്ടികപ്പെടുത്തൽ<br>-വിദഗ്ധരെ കണ്ടെത്തൽ<br>Time Table തയ്യാറാക്കൽ<br>(After 4. 00 Pm, Holydays)<br>-മാസത്തിലൊരിക്കൽ രക്ഷിതാക്കൾക്ക് ശിൽപ്പശാല<br>-കുട്ടികളുടെ കഴിവുകൾ നാട്ടുകാരുടെ മുമ്പിൽ പ്രദർശിപ്പിക്കാനുള്ള അവസരമൊരുക്കൽ<br>-പതിപ്പ്, പ്രദർശനം, മേളകൾ, ശിൽപ്പശാലകൾ എന്നിവ സംഘടിപ്പിക്കൽ<br>-അഭിമുഖങ്ങൾ<br>-ഫീൽഡ് ട്രിപ്പുകൾ | വർഷം മുഴുവൻ | ലാബുകൾ<br>ലൈബ്രറികൾ | Sponsers<br>PTA<br>Class Teacher |

# ഉപസംഹാരം

2023-24 അധ്യായന വർഷത്തിൽ അധ്യാപകരുടെയും പിടിഎയുടെയും സ്കൂൾ ഡെവലപ്പ്മെന്റ് കമ്മറ്റിയുടെയും അഭിപ്രായങ്ങൾ സമന്വയിപ്പിച്ചു കൊണ്ട് തയ്യാറാക്കിയ ഈ അക്കാദമിക്ക് മാസ്റ്റർ പ്ലാൻ പൊതുജനങ്ങൾക്കായി സമർപ്പിക്കുന്നു.

ജി. എൽ. പി. എസ് തൊണ്ടിമ്മൽ വിദ്യാലയത്തിൽ വരും വർഷങ്ങളിൽ അക്കാദമിക മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളാണ് ഇതിൽ പ്രതിപാതിച്ചിട്ടുള്ളത്. ഓരോകുട്ടിയുടെയും സർവ്വതോന്മുഖമായ വികസനം ലക്ഷ്യം വെച്ചു തയ്യാറാക്കിയ ഈ പദ്ധതികൾ നടപ്പിലാക്കാനും വിജയിപ്പിക്കാനും അധ്യാപകരും പി.ടി.എയും വിദ്യാലയ വികസന കമ്മറ്റിയും പ്രതിജ്ഞാബദ്ധരാണ്. മാസ്റ്റർ പ്ലാൻ കാലാകാലങ്ങളിൽ വിപുലീകരണത്തിനും നവീകരണത്തിനും വിധേയമായിരിക്കും.

പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിന്റെ പ്രധാന ചുവടുവെപ്പാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.